LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കരണ ആനുകൂല്യങ്ങൾ

357 [2416] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 സ്കൂൾ വർഷം 1997-ൽ മാർച്ച് 31-ന് സർവീസിൽ നിന്നും വിരമിച്ച എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത്;

(ബി) അവർക്ക് 1-3-1997-ൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) 1997 മാർച്ച് 31-ന് സർവീസിൽ നിന്നും വിരമിച്ച അദ്ധ്യാപകർക്ക് 1-3-1997-ൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യം നൽകണമെന്ന് ഹൈക്കോടതി വിധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ആ വിധി നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർ ആരും തന്നെ 1997 മാർച്ച് 31-ന് സർവീസിൽനിന്നും വിരമിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുള്ളതുകൊണ്ട് ഹൈക്കോടതി വിധി നടപ്പിലാക്കിയില്ല.

പ്രൊട്ടക്ഷനിൽ പോകുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി

358 [2417] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ഷനിൽ പോകേണ്ടിവരുന്ന സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്ക് മാതൃ സ്കൂളിൽ തിരിച്ചെത്തുന്ന മുറയ്ക്ക് മാതൃ സ്കൂളിൽ നിയമനം ലഭിച്ച കാലം മുതലുള്ള സീനിയോറിറ്റിയാണോ കണക്കാക്കുന്നത്;

(ബി) പ്രൊട്ടക്ഷനിൽ നിന്ന് തിരികെ വരുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി തിരികെ മാതൃ സ്കൂളിൽ പ്രവേശിക്കുന്ന തീയതി മുതൽ കണക്കാക്കിയാൽ മതിയെന്ന എന്തെങ്കിലും നിർദ്ദേശം സർക്കാർ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദമാക്കാമോ;

(ഡി) ചില ഓഫീസുകളിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പിന്തുടരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(എഫ്) ഈ അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ജി) ഡിവിഷൻ ഫാൾ മൂലം നിയമനം ലഭിച്ച സ്കൂളിൽ നിന്നും പ്രൊട്ടക്ഷനിൽ പോകേണ്ടിവരുന്ന അദ്ധ്യാപകർക്ക് അതേ സ്കൂളിൽ തിരിച്ചുവരുന്ന സമയത്ത് പ്രൊമോഷനടക്കമുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് മാത്രം സ്കൂളിൽ സ്ഥിരനിയമനം ലഭിച്ച തീയതിയിലെ സീനിയോറിറ്റി കണക്കാക്കണമെന്ന നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) അതെ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) സർക്കാരിന് പരാതി ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) പരിശോധിക്കുന്നതാണ്.

പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ നിയമനം

359 [2418] ശ്രീ. എം. പി. ഗംഗാധരൻ:
,, എം. മുരളി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതു വർഷം വരെ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരായി നിയമിക്കപ്പെട്ടവർക്കാണ് പ്രൊട്ടക്ഷൻ അനുവദിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly